പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2813

09.05.2017-ൽ മറുപടി നല്കേണ്ടിയിരുന്നത്

## കോതമംഗലം ഡിപ്പോയിൽ നിന്നുമുള്ള ബസ്സ് സർവ്വീസുകൾ

ചോദ്യം
ശ്രീ.ആന്റണി ജോൺ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന പത്തിലധികം ബസുകൾ പ്രവർത്തനരഹിതമായതിനെത്തുടർന്ന് ഒറ്റപ്പെട്ട പ്രദേശങ്ങളിലേക്കുള്ള നിരവധി സർവ്വീസുകൾ നിർത്തി വച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ നിർത്തലാക്കിയ സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | കോതമംഗലം ഡിപ്പോയിൽ 6 ഓർഡിനറി ബസുകളുടെ കുറവുണ്ട്.<br>കൂടാതെ 05.05.2017-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സിയുടെ ഒരു ബസ് മാത്രമാണ് അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുള്ളത്. കെ.യു.ആർ.ടി.സിയുടെ 5 ബസുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരിക്കുകയാണ്. ഈ ബസുകൾ ഉടൻ നിരത്തിലിറക്കുന്നതാണ്. ആവശ്യമായ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രവർത്തനരഹിതമായ ബസുകൾ പുന:സ്ഥാപിച്ച് കോതമംഗലം ഡിപ്പോയുടെ പരിധിയിലുള്ള അവികസിത മേഖലകളിലേക്കു കൂടി കെ.എസ്.ആർ.ടി.സി.യുടെ സേവനം ലഭ്യമാക്കുവാൻ കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരിക്കുന്ന ബസുകൾ എത്രയും പെട്ടെന്ന് നിരത്തിലിറക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | പ്രദേശികപ്രാധാന്യം കണക്കിലെടുത്ത്, അവികസിത മേഖലകളിലേക്ക് കൂടുതൽ സർവ്വീസ് നടത്തുന്നതിന് മറ്റു ഡിപ്പോകളിൽ കൂടുതലായുള്ള പഴയ ബസ്സുകൾ കോതമംഗലം ഡിപ്പോയിലേക്ക് അനുവദിച്ച് തരുമോ? | (ഡി) | ഓർഡിനറി ബസുകളുടെ കുറവ് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് മാറ്റപ്പെടുന്ന ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**